# പൂർണ്ണശ്രീ

പുസ്തകം 17 ലക്കം 9 സെപ്തംബർ 2023 വില ₹ 5

ടിബിഎസ് പബ്ലിഷേഴ്സ് ഡിസ്ട്രിബ്യൂട്ടേഴ്സ്– പൂർണ പബ്ലിക്കേഷൻസ് പ്രസിദ്ധീകരണം



## ബാലേട്ടൻ സ്മരണ

പി.കെ.ഗോപി

## 'സമ്മാനപ്പൊതി'ക്കും 'ചങ്ങാതി'ക്കും 'ബുദ്ധവെളിച്ച'ത്തിനും എഫ്.ഐ.പി അവാർഡ്

പി.വത്സലയുടെ കഥ

## രണ്ടു കനപ്പെട്ട നോവലുകളുമായി...

# പൂർണ
# നോവൽ വസന്തം
## സീസൺ 4

ജനറൽ എഡിറ്റർ

**ഡോ. കെ. ശ്രീകുമാർ**



**കുരുടൻ മല**

**ഷാഹുൽ ഹമീദ് കെ. ടി.**

പൂർണ – ഉറൂബ് അവാർഡ്
നേടിയ നോവൽ



**ആടുകഥ**

**എം. ബി. സന്തോഷ്**

പൂർണ – ഉറൂബ് അവാർഡ്
പരിഗണനയിൽ
തിരഞ്ഞെടുക്കപ്പെട്ട നോവൽ

പൂർണശ്രീ

സെപ്തംബർ 2023 പുസ്തകം 17 ലക്കം 9




# 'ബുദ്ധവെളിച്ചം' പരിഷ്കരിച്ച പതിപ്പും പുരസ്കാരപ്പെരുമയും

'പൂർണ'യുടെ അഭിമാനപുസ്തകമായ 'ബുദ്ധവെളിച്ച' ത്തിന് കേവലം പത്തുമാസത്തിനകം പരിഷ്കരിച്ച പതിപ്പ് പുറത്തുവന്നു എന്നതാണ് ഈ നാളുകളിലെ സന്തോഷവാർത്ത. പത്തിലേറെ ദേശീയ-സംസ്ഥാന ബഹുമതികൾ വാരിക്കൂട്ടിയ 'ബുദ്ധവെളിച്ച'ത്തിന്റെ പരിഷ്കരിച്ച പതിപ്പ് വില വർധിപ്പിക്കാതെ തന്നെയാണ് വായനക്കാരുടെ കൈകളിലെത്തുന്നത്. 'പൂർണ'യുടെ പ്രസാധനചരിത്രത്തിലെ നാഴികക്കല്ലെന്ന് ഈ പുസ്തകത്തെ നിസ്സംശയം വിശേഷിപ്പിക്കാം.

ന്യൂഡൽഹിയിലെ 'ഫെഡറേഷൻ ഓഫ് പബ്ലിഷേഴ്സി'ന്റെ പ്രസാധനമികവിനുള്ള മൂന്നു പുരസ്കാരങ്ങൾ 'ചങ്ങാതി' (നഴ്സറി വിഭാഗം പാഠപുസ്തകം) ക്കും, 'സമ്മാനപ്പൊതി'ക്കും (ബാലസാഹിത്യം പൊതുതാല്പര്യവിഭാഗം) 'ബുദ്ധവെളിച്ച'ത്തിനും (ആർട്ട് ആൻഡ് കോഫി ടേബിൾ ബുക്ക് വിഭാഗം) ലഭിച്ച സന്തോഷവാർത്തയും ഞങ്ങളുടെ വായനക്കാരുമായി പങ്കുവെയ്ക്കട്ടെ.

കേരള നിയമസഭാ പുസ്തകോത്സവത്തിന്റെ രണ്ടാം സീസൺ നവംബർ ആദ്യവാരം തിരുവനന്തപുരത്ത് നടക്കും. മലയാള പുസ്തക പ്രസാധനമേഖല പ്രതീക്ഷാപൂർവം ഉറ്റുനോക്കുന്ന സംരംഭമാണത്. പുസ്തകോത്സവത്തിലെ വില്പനസാദ്ധ്യതകൾ ചെറുതും വലുതുമായ എല്ലാ പ്രസാധകർക്കും ഉതകുംവിധം സജ്ജീകരിക്കണമെന്ന് സംഘാടകരോട് അഭ്യർത്ഥിക്കുന്നു.

— എൻ.ഇ.മനോഹർ




## ഈ ലക്കത്തിൽ വായിക്കുക


**ബാലേട്ടൻ സ്മരണ** പുസ്തകപ്പാലത്തിലൂടെ കാലത്തിലേക്ക്... **പി.കെ.ഗോപി** — 4

കവിത അനാദികാല പ്രണയം **സതീഷ് കളത്തിൽ** — 8

'സമ്മാനപ്പൊതി'ക്കും 'ചങ്ങാതി'ക്കും 'ബുദ്ധവെളിച്ച'ത്തിനും **എഫ്. ഐ. പി അവാർഡ്** — 9

കഥ ശാരദയുടെ വീട് - **പി.വത്സല** — 10

ഇതിഹാസദർശനം **പ്രദീപ് പേരശ്ശനൂർ** — 15

പിന്നെയും പിന്നെയും മനുഷ്യനെക്കുറിച്ച് വിചാരപ്പെടുന്ന കഥകൾ **രാജേന്ദ്രൻ എടത്തുംകര** — 17



മാനേജിംഗ് എഡിറ്റർ
**എൻ.ഇ.മനോഹർ**
ചീഫ് എഡിറ്റർ
**ഡോ.കെ.ശ്രീകുമാർ**
എഡിറ്റർ
**അഞ്ജലി രാജീവ്**

പത്രാധിപസമിതി
**ഡോ.കെ.വി.തോമസ്**
**സുരേഷ് ഇ.പി.**
**സുഷമകുമാരി കെ.**
**ഷീബ മുരളീധരൻ**
**മിനി അനിൽ**
**അനൂപ് എം.പി.**

ടൈപ്പ് സെറ്റിംഗ്
**പ്രസീദ എം.**
**ലിജി.ടി.കെ.**
ലേ ഔട്ട് & കവർ ഡിസൈനിംഗ്
**സുബിൻ യുവ**

200(9-2023)a.o.e

**POORNASREE MONTHLY, POORNA PUBLICATIONS** TBS Building, G H Road, Kozhikode-673001, Ph: 9656000373,0495-2721025, 2720085
email: poornapublicationeditor@gmail.com Web: tbsbook@gmail.com
Branches: Kalpetta: Main Road, Ph: 04936-203842,
Thiruvananthapuram: Statue Jn. Ph: 0471-2570504 facebook/poornapublications



# പുസ്തകപ്പാലത്തിലൂടെ കാലത്തിലേക്ക്....

## പി.കെ.ഗോപി

**ലോ**കത്തിലെ ഏറ്റവും വലിയ ധനം സ്നേഹമാകുന്നു. ഏറ്റവും മൂല്യമേറിയത് പ്രാണനാകുന്നു. ഏറ്റവും കരുത്തുള്ളത് അദ്ധ്വാനമാകുന്നു. ഏറ്റവും വിശ്വസ്തമായത് സത്യമാകുന്നു. ഏതു കുറ്റാക്കൂറ്റിരുട്ടിനെയും കുടഞ്ഞുമാറ്റാൻ ഒരു ചിരിക്കു കഴിയുന്നു. ദുരിതപൂർണ്ണമായ ജീവിതപ്രവാഹത്തിനു കുറുകെ സ്വപ്രയത്നം കൊണ്ടു ബലത്ത പാലം നിർമ്മിക്കാൻ ചിലർക്കു നിഷ്പ്രയാസം കഴിയുന്നു. ചില്ലിക്കാശുകൾ കൂട്ടിവച്ച്, പട്ടിണിയോടു പടവെട്ടി, വിശപ്പിനു മാത്രം തിന്നും ദാഹത്തിനു മാത്രം കുടിച്ചും ശീലിച്ച ശ്രേഷ്ഠജീവിതങ്ങളുടെ പാഠപുസ്തകം കാലത്തിനു വായിക്കാൻ ലഭിച്ച വിജ്ഞാനസമ്മാനമാണ്. പാണ്ഡിത്യത്തിന്റെ മഹത്ത്വം ലാളിത്യത്തിന്റെ ഉദാരതയ്ക്കു വഴിമാറുന്ന അപൂർവ്വം അനുഭവങ്ങൾ പകർന്നു തരുന്ന ചില മാതൃകകൾ നമുക്കുണ്ട്. സംസ്കാരം എന്ന വാക്കിന്റെ ചേരുവകളായ കലയും സാഹിത്യവും അറിവും വിദ്യയും സാമൂഹ്യബോധവുമെല്ലാം അബോധമായി ഉരുവം പ്രാപിച്ച പാരമ്പര്യമോ പരിചയമോ അവരുടെ ആന്തരികശക്തിയായിരുന്നിരിക്കാം. ആരോടും പരിഭവമോ പരാതിയോ ആക്ഷേപമോ പരിഹാസമോ ചൊരിയാത്ത ആകാശം പോലെയൊരു മനസ്സ് അവർക്ക് ജന്മനാ ലഭിച്ചിരിക്കാം. ആ മനസ്സിന്റെ ലാളനയേറ്റവർ 'കണ്ണീരിന്റെ മാധുര്യത്തോടെ' ഓർമ്മയിൽ കാത്തുവയ്ക്കുന്ന ചില ഏടുകളുണ്ട്. തെളിച്ചമുള്ള ആ ഏടുകൾ ബാക്കിയാവുന്നു.



കളങ്കമില്ലാത്ത ആത്മാർത്ഥതയാൽ കോഴിക്കോടിന്റെ നഗരഹൃദയത്തിൽ പൂർണ എന്ന പുസ്തകക്കൂടു നിർമ്മിച്ച ദേശാടനപ്പക്ഷിയെപ്പറ്റിയാണു പറഞ്ഞുവരുന്നത്. ചകിരിനാരും തൂവലുമല്ലാതെ അതിന്റെ ചുണ്ടിൽ മറ്റൊന്നുമില്ലായിരുന്നു. വിശപ്പും വിയർപ്പും പകർന്ന ആവേശമല്ലാതെ പറക്കാൻ മറ്റൊരിന്ധനം അതിനില്ലായിരുന്നു. തലശ്ശേരിക്കടുത്ത് കണ്ണവത്തെ ഞാലിൽ എടവലത്തു തറവാട്ടിൽ 1932-ൽ കുഞ്ഞികൃഷ്ണമാരാർക്കും മാധവി മാരാസ്യാർക്കും പിറന്ന എൻ. ഇ. ബാലകൃഷ്ണമാരാർ എന്ന എല്ലാവരുടെയും ബാലേട്ടൻ കോഴിക്കോട് എങ്ങനെ താവളമാക്കിയെന്നറിയാൻ ആ ജീവചരിത്രം പഠിച്ചേ കഴിയൂ. ഒന്നര വയസ്സിൽ അച്ഛൻ നഷ്ടമായ ഒരു കുട്ടിയുടെ ദുഃഖം പിൽക്കാലത്ത് എങ്ങനെ മനസ്സിൽ വിങ്ങലുണ്ടാക്കിയെന്ന് സങ്കല്പിച്ചുനോക്കുകയേ മാർഗ്ഗമുള്ളൂ. അമ്പലപ്പറമ്പിലെ കളിയും നേർച്ചപ്പായസത്തിന്റെ പങ്കും ഗ്രാമീണജീവിതത്തിലെ ദാരിദ്ര്യവുമെല്ലാം ആ ബാലനു കൂട്ടായിരുന്നു. അമ്മയുടെ പുനർവിവാഹത്തോടെ വീടും വിദ്യാഭ്യാസവും മാറ്റേണ്ടിവന്നു. സ. പി. വി. രാഘവമാരാർ എന്ന രണ്ടാനച്ഛൻ മനുഷ്യസ്നേഹിയും നിസ്വാർത്ഥനുമായ കമ്മ്യൂണിസ്റ്റായിരുന്നു. അതൊരു വലിയ ഭാഗ്യം. തൊഴിലാളിസമരത്തെത്തുടർന്നു ജയിലിലായ രാഘവമാരാർ, ജയിൽവിമുക്തനായ ശേഷം കോഴിക്കോട് ദേശാഭിമാനി പത്രത്തിന്റെ വിതരണക്കാരനായി. അമ്മയും രാഘവമാരാരും കോഴിക്കോട്ടേക്കു താമസം മാറിയതിനാൽ അവരെ കാണാനായിരുന്നു ആദ്യത്തെ ദേശാടനം. പക്ഷേ, ആദ്യ കോഴിക്കോടുയാത്രയിൽ അപ്രതീക്ഷിതമായി വീണു മുറിവേറ്റ് തലശ്ശേരി ആശുപത്രിയിൽ കിടക്കാനായിരുന്നു വിധി. ആരുമല്ലാത്ത തെരുവുതൊഴിലാളികളുടെ സ്നേഹം ആശുപത്രിവാസത്തിന്റെ പാഠമായിരുന്നു.

കഷ്ടപ്പാടുകളിൽ മനംനൊന്ത രാഘവമാരാരുടെ കൂടി മൗനസമ്മതത്തോടെ പത്രവില്പനക്കാരൻ പയ്യനായി കോഴിക്കോട് നഗരത്തിലിറങ്ങിയതായിരുന്നു വഴിത്തിരിവ്. പ്രഭാതം മുതൽ ഉച്ചവരെ പത്രവില്പന. ഉച്ചകഴിഞ്ഞ് വിശപ്പകറ്റാൻ എന്തെങ്കിലും കഴിച്ച് പുസ്തകങ്ങളും മാസികകളും തോളിലേറ്റി നടന്നുവില്പന. വില്പനയുടെ കമ്മീഷൻ വരുമാനം.... അഭിമാനകരമായ ഒരു കർമ്മരഹസ്യത്തിന്റെ രാഷ്ട്രീയസിദ്ധാന്തം ആരും പഠിപ്പിക്കാതെ പ്രാവർത്തികമാക്കിയ സാധാരണക്കാരൻ. അമ്പതുകളിലെ കോഴിക്കോടൻ തെരുവുകൾക്കു നിത്യപരിചിതമായ നഗ്നപാദങ്ങൾ ഈ മനുഷ്യന്റേതുകൂടിയായിരുന്നു. മുഖ പരിചയം കൂടുംതോറും പതിവു വായനക്കാരുടെ എണ്ണം വർദ്ധിച്ചു. ഇടപാടുകളിൽ മാന്യത നിലനിർത്തി. അതാ, ഇടിത്തീപോലെ ഒരു വാർത്ത. ദേശാഭിമാനി നിരോധിക്കപ്പെടുന്നു. എല്ലാം തകിടം മറിയുന്നു!



ജീവിതം മോഹിച്ച തഞ്ചാവൂരിലേക്ക്.... ഹോട്ടൽ സപ്ലയറായി, പെട്ടിക്കടക്കാരനായി, 'ശിന്ന പയ്യൻ' മറ്റൊരദ്ധ്യായം പിന്നിടുകയാണ്. കാവേരിയുടെ കാവ്യഭംഗിയും പവിത്രതയും കിട്ടിയ ജോലിയുടെ സംതൃപ്തിയും ഇഷ്ടമായിരുന്നെങ്കിലും ദേശാഭിമാനിയിലേക്കു മടങ്ങിവരാനായിരുന്നു നിയോഗം. അക്ഷരങ്ങൾ കണ്ണുകൾ തുറന്നിരുന്ന് എല്ലാം കാ

“

ഇടയ്ക്കു ചെയ്ത പല ജോലികളും പരാജയപ്പെട്ടതു നന്നായി എന്നേ തോന്നൂ. ഫിലിം കഴുകുന്ന വെള്ളത്തിൽ നിന്നു സിൽവർ കണ്ടെത്തൽ, ച്യവനപ്രാശം ലേഹ്യക്കച്ചവടം ഒന്നിനും ആയുസ്സുണ്ടായിരുന്നില്ല. പുസ്തകച്ചുമടേറ്റുകയാണ് നിന്റെ തോൾത്തഴമ്പിനു ഗുണകരമെന്ന് ഒരുപക്ഷേ, മനസ്സാക്ഷിയിൽ വെളിപാടുണ്ടായിരിക്കാം. പുസ്തകഭാരത്താൽ ഒരുവശം ചെരിഞ്ഞ് കുനിഞ്ഞു നടക്കുന്ന ശീലം ശരീരം സ്വയം പാകമാക്കിയെടുത്തു. ഏതു കലാശാലയിലുമെത്താൻ, ഇടവഴിയും കുന്നും മലയും കയറിയിറങ്ങാൻ ആ പരിശ്രമശാലി മടിച്ചില്ല. പണമില്ലാത്തവർക്കു പുസ്തകം കടം കൊടുക്കാൻ വിസമ്മതിച്ചില്ല.

ണുന്നുണ്ടല്ലോ. മനുഷ്യജീവിതമേ, നിന്നെ അടയാളപ്പെടുത്താൻ അക്ഷരങ്ങൾക്കല്ലാതെ മറ്റാർക്കു കഴിയും? കോഴിക്കോടിന്റെ പ്രഭാത് ബുക്ക് ഹൗസും കെ. പി. എ. സി.യും നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി എന്ന നാടകവും ദേശാഭിമാനിയുമെല്ലാം പുതിയൊരു പൊതുബോധത്തിലേക്ക് ജനങ്ങളെ നയിക്കുകയായിരുന്നുവല്ലോ. എവിടെ ആൾക്കൂട്ടമുണ്ടോ അവിടെ ഒരു പുസ്തകക്കാരൻ പ്രത്യക്ഷപ്പെടുമായിരുന്നു. അയാളുടെ തുറന്ന ചിരി പുസ്തകത്തിന്റെ കടലാസിനേക്കാൾ വെണ്മയുള്ളതായിരുന്നു. വിലയിൽ വിട്ടുവീഴ്ചയ്ക്കു തയ്യാറാവുന്ന ആ ഇളം യുവാവിന് ജീവിതം എന്ന വലിയ കാര്യത്തിനു വക കണ്ടെത്തണമായിരുന്നു. ശാഠ്യത്തിന്റെ സ്ഥാനത്ത് അയാൾ ദയ എന്ന ഒരു പദം കൂടി കണ്ടെത്തി. അതായിരുന്നു വിജയമന്ത്രം.



ഇടയ്ക്കു ചെയ്ത പല ജോലികളും പരാജയപ്പെട്ടതു നന്നായി എന്നേ തോന്നൂ. ഫിലിം കഴുകുന്ന വെള്ളത്തിൽ നിന്നു സിൽവർ കണ്ടെത്തൽ, ച്യവനപ്രാശം ലേഹ്യക്കച്ചവടം ഒന്നിനും ആയുസ്സുണ്ടായിരുന്നില്ല. പുസ്തകച്ചുമടേറ്റുകയാണ് നിന്റെ തോൾത്തഴമ്പിനു ഗുണകരമെന്ന് ഒരുപക്ഷേ, മനസ്സാക്ഷിയിൽ വെളിപാടുണ്ടായിരിക്കാം. പുസ്തകഭാരത്താൽ ഒരുവശം ചെരിഞ്ഞ് കുനിഞ്ഞു നടക്കുന്ന ശീലം ശരീരം സ്വയം പാകമാക്കിയെടുത്തു. ഏതു കലാശാലയിലുമെത്താൻ, ഇടവഴിയും കുന്നും മലയും കയറിയിറങ്ങാൻ ആ പരിശ്രമശാലി മടിച്ചില്ല. പണമില്ലാത്തവർക്കു പുസ്തകം കടം കൊടുക്കാൻ വിസമ്മതിച്ചില്ല. തവണകളായി പണമടക്കാൻ സൗകര്യം ചെയ്ത് വിദ്യാർത്ഥികളെയും അദ്ധ്യാപകരെയും വായനയിലേക്കു നയിച്ചു. എഴുത്തുകാരെല്ലാം അദ്ദേഹത്തിന്റെ സുഹൃത്തുക്കളായി. പേരെടുത്ത പണ്ഡിതന്മാരും ചിന്തകരും പുതിയ പുസ്തകങ്ങൾക്കായി ആവശ്യപ്പെട്ടു. ആരുമറിയാതെ ഒരു പ്രസ്ഥാനവും ആസ്ഥാനവും രൂപപ്പെട്ടു. സ്വന്തം പോക്കറ്റിൽ ചെറിയൊരു കണക്കു പുസ്തകം സൂക്ഷിച്ച് അദ്ദേഹം ഭാവിയുടെ രൂപരേഖ വികാസപ്പെടുത്തി. വഴി നടത്തങ്ങൾ പടവുകൾ ലക്ഷ്യമാക്കി ഉന്നതിയിലേക്കു കയറാൻ പ്രാപ്തമായി.

എൻ. വി. കൃഷ്ണവാരിയരും ആർ. രാമചന്ദ്രനും സുകുമാർ അഴിക്കോടും തിക്കോടിയനും ഉറൂബും എം.ടിയും എൻ.പിയും കെ. എ. കൊടുങ്ങല്ലൂരും തായാട്ടു ശങ്കരനും എം. വി.ദേവനും എ.പി. പി. നമ്പൂതിരിയുമെല്ലാം കയ്യെത്തും ദൂരത്തു പുസ്തകങ്ങൾ നീട്ടി. അഭിഭാഷകരും നേതാക്കളും അജ്ഞാതനാമാക്കളുമെല്ലാം പുസ്തക പ്രേമികളായി. ഒരുപക്ഷേ,



പ്രഭാത് ബുക്ഹൗസിലെ ജോലി നഷ്ടമായതാവാം വലിയ തീരുമാനമെടുക്കാൻ പ്രേരകമായത്. സി. പി. അബൂബക്കർ എന്ന മനുഷ്യസ്നേഹിയുടെ പുസ്തക അലമാര തുറന്നു കിട്ടിയത് എന്തൊരാശ്വാസമായിരുന്നു! പരിശ്രമിക്കുന്നവന്റെ വഴി എന്നും തുറന്നു കിടക്കുമെന്ന പഴമൊഴിക്കു പഴക്കമേയില്ല. പി. കെ. ബ്രദേഴ്സിനെയും കെ. ആർ ബ്രദേഴ്സിനെയും നിരവധി അച്ചടിശാലക്കാരെയും അദ്ദേഹം ആത്മകഥയിൽ നന്ദിയോടെ സ്മരിക്കുന്നുണ്ട്. പത്മപ്രഭ ഗൗഡരെയും ജിനചന്ദ്രനെയും കെ. ഗോപിനാഥൻ നായരെയും മറക്കാനാവില്ല. വിഷ്ണുനാരായണൻ നമ്പൂതിരി, ദേവസ്യതകിടിയൽ, ജോർജ് ഇരുമ്പയം, പ്രൊഫ. കെ. ഗോപാലകൃഷ്ണൻ, പി. എം. നാരായണൻ, ടി. വേണുഗോപാലക്കുറുപ്പ് ഇവരെല്ലാം ടൂറിംഗ് ബുക് സ്റ്റാളിന്റെ അഭ്യുദയകാംഷികളായിരുന്നു. ആർ. രാമചന്ദ്രൻ മാസ്റ്ററുടെ അനുഗ്രഹം ടൂറിംഗ് ബുക് സ്റ്റാളിൽ ആംഗലേയ പുസ്തകങ്ങൾ എത്താൻ കാരണമായി.

'ഒരു കോസടിയും തലയണയും പോലും' ആർഭാടമായി കരുതിയ ബാലേട്ടൻ, സൈക്കിളും, കാറും സ്ഥലവും വീടും നഗരത്തിന്റെ കണ്ണായ സ്ഥലത്ത് പൂർണ ബിൽഡിങ്ങ്സും സ്വന്തമാക്കി. ഒരു ബിന്ദു നടക്കാനിറങ്ങി ചിത്രമായതുപോലെ പിന്തുടർച്ചയുള്ള വളർച്ചയായിരുന്നു അത്. "If you want anything in print, at your door, please drop a card to touring book stall" ഇതായിരുന്നു ടി.ബി.എസ്സിന്റെ ആദ്യ പരസ്യവാചകം. അഞ്ചു പൈസ വിലയുള്ള പോസ്റ്റ് കാർഡ് അന്നു വിലപ്പെട്ടതായിരുന്നുവല്ലൊ. ഇന്ന് അഞ്ചു പൈസ, പത്തു പൈസ, അമ്പതു പൈസ, ഒരു രൂപ, രണ്ടു രൂപ... എല്ലാം അവഗണിക്കപ്പെട്ടു! ചെറുതുകളെ വേണ്ടാത്ത കാലം. ബാലേട്ടൻ ചെറുതിൽ നിന്നു തുടങ്ങി. ലോകരാഷ്ട്രങ്ങൾ കണ്ടു. ബഹുമതികൾ നേടി.

ചെറുതിൽ നിന്നു വലുതായ കഥകൾക്കു പിന്നിൽ കണ്ണീരിന്റെ ആഴമേറിയ പ്രയത്നചരിത്രമുണ്ട്. ഇന്ന് പുസ്തകപ്രസാധനത്തിന്റെ രംഗത്ത് 'പൂർണ' വിജയകഥകൾ രചിക്കുന്നു. വിദ്യാഭ്യാസ സാമഗ്രികൾ, സ്പോർട്സ് രംഗത്താവശ്യമുള്ള എല്ലാം, പരീക്ഷണശാലയിലേക്കുള്ള ഉപകരണങ്ങൾ... ഒറ്റക്കുടക്കീഴിൽ എന്തെല്ലാമെന്തെല്ലാം. ബാലേട്ടന്റെ മകൻ എൻ. ഇ. മനോഹറിന്റെ ചുമതലയിൽ എല്ലാം മുന്നേറുകയാണ്. അനുഗൃഹീതമായ ഒരു പിതൃവഴിയിൽ പകർന്നു കിട്ടിയ സ്നേഹത്തിന്റെ തീരാത്ത ധനമാണ് യഥാർത്ഥ മൂലധനം. ബാലേട്ടൻ ഭൂമിയിലില്ല എന്നു എഴുതി ഫലിപ്പിക്കാനാവാത്ത ഒരു വലിയ കാലം ഓർമ്മയിൽ മിന്നൽപോലെ കൊണ്ടുവന്നതു കുറിച്ചുവെന്നേയുള്ളൂ. ഓരോ വായനക്കാരനും എത്രയെത്ര ഓർമ്മകളാവും ആദരാഞ്ജലിയായി സമർപ്പിക്കാനുണ്ടാവുക!

●



കവിത



സതീഷ് കളത്തിൽ

# അനാദികാല പ്രണയം

**ചി**ലപ്പോഴൊക്കെ എനിക്കു തോന്നാറുണ്ട്,
എന്റെയീ ഭ്രാന്ത് അനാവശ്യമാണെന്ന്.
ഈ ഭ്രാന്തില്ലായെങ്കിൽ നിന്നെയെനിക്ക്
ഇത്ര ഭ്രാന്തമായ് പ്രണയിക്കുവാൻ
കഴിയില്ലായെന്നു തോന്നാറുമുണ്ട്.
ഞാനെന്താണിങ്ങനെ? നീയും....!
ഞാനും നീയും
ഓരോ തുരുത്തുകളിലൂടെ നടക്കുമ്പോൾ
മീനച്ചൂടിലെങ്ങനെ ഒരേ കുടക്കീഴിൽ
തണൽ തേടാൻ കഴിയും?
വിഷുപ്പുലരികളിൽ ഒരുമിച്ചിരുന്നു
പൂത്തിരി കത്തിച്ചു പൊട്ടിച്ചിരിക്കാനാകും?
ഓണത്തിനും ബക്രീദിനും ക്രിസ്തുമസിനും
ഓളങ്ങളെ തഴുകി, ചെറുകാറ്റേറ്റുമെല്ലെ
ഒഴുകുന്ന കാറ്റുവഞ്ചിയിലിരുന്ന്
ഓർമ്മകളുടെ തീരത്തണയാൻ കഴിയും?
പെരുന്നാളിനും പൂരത്തിനും
നിറയെ കുപ്പിവളക്കിലുക്കം കേട്ട്;
ഇടംകയ്യിൽ കരിമ്പിൻ കെട്ടും
വലംകയ്യിൽ കരിമ്പിനേക്കാൾ
മധുരമുള്ള നിന്നെയും ചേർത്ത്,
മിന്നാമിന്നിക്കൂട്ടങ്ങൾക്കിടയിലൂടെ
മിണ്ടിയും നുള്ളിയും പിച്ചിയും
തല്ലുകൂടിയും നടക്കാൻ കഴിയും?
നീ ഓർക്കുന്നില്ലേ? നീയും ഞാനും
ഇടത്തും വലത്തുമായി ഇരുന്നിരുന്ന
ക്ലാസ്മുറികളിൽ വീണുടഞ്ഞ നമ്മുടെ
ദീർഘനിശ്വാസങ്ങളെ?
അന്നു നിന്റെ കൺകോണുകളിൽ
വിടർന്നിരുന്ന ചെമ്പനീർപ്പൂക്കളെ
വാടാതെപെറുക്കിയെടുത്തു
സൂക്ഷിച്ചുവെച്ചതിന്നുമെന്റെ
ഇൻസ്ട്രുമെന്റ് ബോക്സിലുണ്ട്;
ഒട്ടും വാടാതെ....!
തേനിലെ ചെറിപ്പഴങ്ങൾപോലെ,
എത്രമാത്രമോർമ്മകളാണു
നമ്മളിൽ വേരാഴ്ന്നു കിടക്കുന്നത്!
എന്റെയും നിന്റെയും ഉള്ളിലെ
മഴപ്പെയ്ത്തുകളൊഴിയുമ്പോൾ
മരച്ചില്ലകളിൽനിന്നും ഇറ്റുവീഴുന്ന
മഴപ്പൂക്കളെ നിന്റെ നനുത്ത
കൈക്കുമ്പിളിൽ നിറച്ചെടുത്തെന്റെ
ചൊടിയിണകളെയകറ്റി ഇറ്റവേ
നിന്നിലെ മധുരവും ആ മഴപ്പൂക്കളിൽ
നിറഞ്ഞിരുന്നത് ഇപ്പോഴും എന്നെ
കൊതിയുടെ ആകാശപ്പരപ്പിലേക്കു
കൊണ്ടുപോകുന്നുണ്ട്.
അന്നും നീ പറയാറുള്ളതുപോലെ,
പ്രണയം നമ്മളെ എന്നോ
കാർന്നുതിന്നു കഴിഞ്ഞിരിക്കുന്നു!
എന്നെ നീയും നിന്നെ ഞാനും
എരിച്ചുകൊണ്ടേയിരിക്കുന്നു;
എനിക്കും നിനക്കും മാത്രമറിയാവുന്ന
ഭ്രാന്തിൻ തുരുത്തുകളിലൂടെ
ഭ്രാന്തമായങ്ങനെ നടന്നുനടന്നു നമ്മൾ
പ്രണയിച്ചുകൊണ്ടേയിരിക്കുകയാണ്....!
ഈ ഭൂമിയിൽ
ഇന്നൊരു പ്രണയമുണ്ടെങ്കിൽ
അത്,
എന്റെയും നിന്റെയും ഉള്ളിലാണ്....!
നമ്മൾ,
അനാദികാലമായി പ്രണയത്തിലാണ്....!

# ‘**സമ്മാനപ്പൊതി**’ക്കും ‘**ചങ്ങാതി**’ക്കും ‘**ബുദ്ധവെളിച്ച**’ത്തിനും
# എഫ്. ഐ. പി അവാർഡ്

**ന്യൂ**ഡൽഹി ആസ്ഥാനമായി പ്രവർത്തിക്കുന്ന ‘ദി ഫെഡറേഷൻ ഓഫ് ഇന്ത്യൻ പബ്ലിഷേഴ്സ്’ പുസ്തകനിർമ്മിതിയിലെ മികവിന് ഏർപ്പെടുത്തിയ മൂന്ന് അവാർഡുകൾ പൂർണയുടെ പുസ്തകങ്ങൾക്കു ലഭിച്ചു. പ്രാദേശികഭാഷയിലെ ബാലസാഹിത്യപുസ്തകങ്ങൾക്കുള്ള (പൊതുതാല്പര്യവിഭാഗം) ഒന്നാം സമ്മാനം ഇരുപതു പുസ്തകങ്ങളടങ്ങിയ സമ്മാനപ്പൊതി സീസൺ 7 ന് ലഭിച്ചു. മികച്ച മലയാള പാഠപുസ്തകത്തിനുള്ള അവാർഡ് ചങ്ങാതിക്കാണ്. ആർട്ട് ആന്റ് കോഫി ടേബിൾ വിഭാഗത്തിൽ രണ്ടാംസമ്മാനം ബുദ്ധവെളിച്ചത്തിനാണ്. ഡൽഹിയിൽ നടന്ന ചടങ്ങിൽ ലോക്സഭാ സ്പീക്കർ ഓംബിർളയിൽ നിന്ന് പൂർണ അക്കാദമിക് വിഭാഗം സാരഥി പ്രിയ മനോഹർ പുരസ്കാരങ്ങൾ സ്വീകരിച്ചു.















കഥ



# ശാരദയുടെ വീട്

## പി.വത്സല

ഞങ്ങൾക്ക് ഒരു വീടു വേണമായിരുന്നു. അതും ഉടനെ. ഈ ചെറുപട്ടണത്തിൽ വാടകവീടൊന്നും കിട്ടാനില്ല. ഇവിടത്തുകാർ പുറമെനിന്നു വരുന്നവരെ ഉൾക്കൊള്ളാൻ ആഗ്രഹിച്ചുകാണില്ല. അഥവാ, ഒരു വീടു പണിതു വാടകയ്ക്കു കൊടുക്കുകയെന്ന വിഡ്ഢിത്തം അവരെ തീണ്ടിയിട്ടില്ല. വെറും സാധാരണക്കാരുടെ ഒരു അങ്ങാടി. അതിൽ മൂന്നുനാലു മൂന്നുനില കോൺക്രീറ്റ് കെട്ടിടങ്ങൾ ഉയർന്നു വന്നപ്പോൾ ഇതും ഒരു പട്ടണം എന്നു സ്വയം അവർ, ഗ്രാമീണർ സങ്കല്പിച്ചതാണ്. ഒരു പട്ടണമാണെങ്കിൽ, അവിടെയൊരു മുൻസിപ്പൽ ആപ്പീസ്. ആപ്പീസിന്റെ അകത്തും പുറത്തും വെളുത്തന്തിയാവോളം കെട്ടിക്കിടക്കാൻ വിധിക്കപ്പെട്ട പരാതിക്കാർ, ഹരജിക്കാർ, അത്യാവശ്യക്കാർ. അവരുടെയിടയിൽ പാത്തും പതുങ്ങിയും നടക്കുന്ന വലിയ ഉദ്യോഗസ്ഥരുടെ ചെറുകിട ശിങ്കിടികൾ. പിന്നെ ഒരു ബഹുനില ഹോസ്പിറ്റൽ മാളിക. സർക്കാർ വക പൊട്ടിപ്പൊളിഞ്ഞ, പശുത്തൊഴുത്തിനേക്കാൾ കഷ്ടമായ മനുഷ്യരോഗ പരിചരണകേന്ദ്രം. പുറമെ കണ്ണഞ്ചിപ്പിക്കുന്ന കൺസ്യൂമർ സാധനങ്ങൾ റോഡുവരെ നിരത്തിവച്ചു വഴിയാത്രക്കാരെ പ്രലോഭിപ്പിക്കുന്ന പുതുപുത്തൻ കടകൾ. ദല്ലാളന്മാരുടെ സങ്കേതങ്ങൾ, കമ്പ്യൂട്ടർ ഇൻസ്റ്റിറ്റ്യൂട്ടുകൾ, ലോകത്തിലെ എല്ലാ ഡിഗ്രികൾക്കും വേണ്ടി തൊഴിലില്ലാതെ നടക്കുന്ന യുവതീയുവാക്കളെ പരിശീലിപ്പിക്കുന്ന പാരലലുകൾ. അത്തരം പരിഷ്കാരമൊന്നും തത്ക്കാലം എത്തിനോക്കിയിട്ടില്ലാത്ത ഒരു ചെറിയ കെട്ടിടസമുച്ചയം. നടുക്കു കവല. രണ്ടു ബസ്സ്റ്റോപ്പുകൾക്കിടയിലെ ചെറിയവരായ മനുഷ്യരുടെ താവളം. നാളെ ഇവിടെ ഒരങ്ങാടിയെന്നല്ല, ഒരു പട്ടണം തന്നെ വികസിച്ചുവരുമെന്ന ശുഭപ്രതീക്ഷയിൽ കഴിയുന്ന ജനം. അവരുടെ ഇടയിലേക്കാണ് ഈ നനഞ്ഞ പ്രഭാതത്തിൽ, ഞാനും എന്റെ ഭർത്താവും സ്ഥലംമാറ്റമായി വന്നിരിക്കുന്നത്. ഭർത്താവ് വില്ലേജാപ്പീസിലെ ക്ലാർക്ക്. ഞാൻ, ഗ്രാമവികസനത്തിന് ആക്കംകൂട്ടുന്ന ബാലവാടിയിലെ ടീച്ചർ. ഇതുവരെ വാടകവീട്ടിൽ താമസിച്ചിട്ടില്ല. ഇത്രയുമാണ് വീടു വാങ്ങാൻ തീരുമാനിച്ചതിന്റെ പിന്നിലെ അവസ്ഥകൾ.

ഇപ്പോൾ ഞങ്ങൾക്കു വേണ്ടത് ഒരു ചെറിയ വീടാണ്. എല്ലാ വെള്ളക്കോളറുകാരും വിചാരിക്കുന്നതുപോലെ, ഒരു വലിയ വീടു സങ്കല്പത്തിലുണ്ട്. പതുക്കെ മതി. ഏതെങ്കിലും ഒരു ഹൗസിങ് കോളനിയിൽ (ഇവിടെ അത്തരമൊന്നുള്ളതിന്റെ ഒരു ലക്ഷണവും കാണുന്നില്ല.) മെംബറാവാം. സാമാന്യം നല്ലൊരു തുക കടം മേടിക്കാം. ഇൻസ്റ്റാൾമെന്റുകളിൽ ഭാവിജീവിതത്തെ തളച്ചിടാം. വിവാഹം ആജീവനാന്തകമാകയാൽ കടക്കെട്ടിൽ നിന്ന് ഒരാൾ മാത്രം രക്ഷപ്പെട്ട് ഓടിപ്പോവുമെന്നു കടം തരുന്ന ഏജൻസിക്കു സംശയത്തിനവകാശവുമില്ല.

ഇതെല്ലാം ഭാവിപരിപാടി. വർത്തമാനത്തിലുള്ളതു കൈയിലൊതുങ്ങുന്ന ഒരു കൊച്ചു കൂര. സ്ത്രീധനത്തുകയും പണ്ടങ്ങളും അലിഞ്ഞില്ലാതാവുംമുൻപുതന്നെ വീടു മേടിക്കണം. അതിനാലാണ് ഇന്നു നേരം വെളിച്ചമാവുംമുൻപു ദല്ലാളിന്റെ മുഖം മുറ്റത്തുദിച്ചിരിക്കുന്നത്.

ഞങ്ങൾ രണ്ടു ദിവസമായി വില്ലേജാപ്പീസ്

എന്ന പഴയ കെട്ടിടത്തിന്റെ ചായ്പിൽ കഴിഞ്ഞുകൂടുകയാണ്. അനധികൃതം. വരാന്തയിലെ മണ്ണെണ്ണ സ്റ്റൗവിൽ തിളപ്പിച്ചെടുത്ത കട്ടൻകാപ്പി നുണഞ്ഞുകൊണ്ടു ദല്ലാൾ പറഞ്ഞു:

പറ്റിയ ഒരു വീടുണ്ട്. ശാരദയുടെ. ചെറുത്. വില്പനയ്ക്ക്! വീടല്ല പ്രധാനം, അതു നില്ക്കുന്ന സ്ഥാനമാണ്.

ഒരു വസ്തുവിന്റെ വില നിർണ്ണയിക്കുന്നത് എന്നും അതിന്റെ പരിസരവും സ്ഥാനവുമാണല്ലോ അല്ലേ സാറേ?

അതെ. എന്റെ ഭർത്താവും പറഞ്ഞു. വസ്തുവിന്റെ കാര്യത്തിലല്ല. മനുഷ്യന്റെ കാര്യത്തിലും അതെ!

എന്റെ സ്ഥിതി നോക്കുക. ഞാനൊരു പോസ്റ്റ് ഗ്രാജ്വേറ്റ് പ്ലസ്. കഷ്ടപ്പെട്ട് ഒരു ബി.എഡ് എടുത്തു. എന്തിന്? മറിച്ച് ഒരു പ്രൈമറി സ്കൂൾ വാദ്ധ്യാർക്കാണ് എന്റെ ഡിഗ്രികൾ കൈമുതലായിട്ടുള്ളതെങ്കിലോ? ഒരു പ്രൊമോഷന്റെ പ്രതീക്ഷയിൽ അവൻ എത്ര സമാധാനത്തോടെ കഴിഞ്ഞേനേ! ഞാനെന്നും ഗുമസ്തൻതന്നെ. അതും വില്ലേജാപ്പീസുകളിലെ. ഒരു പിഎച്ച്.ഡി എടുത്തിരുന്നാലും ഗതി ഇതുതന്നെ!

ദല്ലാളിന്റെ ഉത്സാഹം വർദ്ധിച്ചു. അതാണു പറയുന്നത്. ഈ വീട് ഒരു ഭാഗ്യംകൊണ്ടു കണ്ടെത്തിയതാണ്. വില്ക്കാൻവേണ്ടി പണി കഴിപ്പിച്ചതല്ല. ഭർത്താവും കുട്ടികളുമൊത്തു സുഖമായി താമസിക്കാൻ അവൾ, ശാരദ കഷ്ടപ്പെട്ടു പണിയെടുത്ത്, പണിയിച്ചതാണ്. നല്ല പ്ലാക്കാതലിൽ കതകുകളും ജന്നലുകളും. നല്ല തടിയിൽ തീർത്ത കൂര.

മുൻപിലുള്ളത് ഒരു റോഡ്. ടാറിട്ടത്. സർക്കാരിന്റെ മേൽനോട്ടത്തിലുള്ളത്. നിരന്തരം വാഹനങ്ങളോടുന്ന റോഡ്. സത്യത്തിൽ ആ ഭാഗം ഇപ്പോൾ നഗരഹൃദയമായി മാറിവരികയാണ്.

ഏതു നഗരത്തിന്റെ?

ഏതു നഗരമെന്നോ? ഇന്നലെവരെ ശുദ്ധ നാട്ടിൻപുറമല്ലായിരുന്നോ ഇവിടം? സാറൊന്നു പുറത്തിറങ്ങി നോക്കിയാട്ടെ! എത്രയെത്ര കോൺക്രീറ്റ് കെട്ടിടങ്ങളാണ് ഉയർന്നുവരുന്നത്. നാളെ നോക്കുമ്പോൾ നിങ്ങളുടെ കൺമുൻപിലൊരു മഹാനഗരം. നിങ്ങൾ ഇപ്പോൾ മേടിക്കാൻ പോകുന്ന കൊച്ചുവീടിനു ലക്ഷങ്ങൾ. തത്ക്കാലം നിങ്ങൾ രക്ഷപ്പെട്ടു. ആ പാവത്തിന് ഉടനെ വില്ക്കണമെന്നുണ്ട്. ഭൂമിക്ക് വില കൂടുംമുൻപു വല്ല ദൂരദിക്കിലും ചെന്നു കുറെ സ്ഥലം കുറഞ്ഞ വിലയ്ക്കു വാങ്ങാനാണ്. എന്നിട്ട് അധ്വാനിച്ചു ജീവിക്കാമല്ലോ.

പക്ഷേ, ഒരു പഴയ, ചെറിയ വീടിന്, നാം കൊടുക്കുന്ന തുക കൊണ്ട് ശാരദയെന്നു നിങ്ങൾ പറയുന്നവർ എങ്ങനെ... അതിനു ചേരുന്ന ഒരു വിലയല്ലേ ഞങ്ങൾക്കു കൊടുക്കാൻ പറ്റൂ?



ഞാൻ ആപത്തു മണത്തറിഞ്ഞു. വില പേശി ഈ വീടും നഷ്ടമാവുമോ? ആവശ്യം നമ്മുടെയ ല്ലേ എന്ന് ഒരു നോട്ടത്തിൽ സമർത്ഥിക്കാൻ ശ്രമി ക്കുകയാണു ഞാൻ.

ഇതെല്ലാം എത്ര കണ്ടവൻ, കേട്ടവൻ എന്ന അർത്ഥത്തിൽ ദല്ലാൾ കണ്ണൊന്നിറുക്കി, ചിരി ഒന്നുകൂടി തേച്ചുമിനുക്കി, തലയിൽക്കെട്ടു കുട ഞ്ഞു ചുമലിലിട്ടു.

റോഡുവക്കിലെ ഒരു വീടിന്റെ ഗുണം അറിയി ല്ലേ, സാറേ! നിങ്ങൾ പട്ടണത്തിലെ ഒരു ഹൗസി ങ് കോളനിയിലെ വീടെടുത്തു എന്നു വയ്ക്കുക. അവിടെ തലങ്ങും വിലങ്ങും റോഡുകൾ കോർ ത്തുകിടപ്പുണ്ട്. ശരിതന്നെ! അവ റോഡാണോ? എന്നെങ്കിലും റോഡുകളായി പരിഗണിക്കുമോ? റോഡിനെന്നു നീക്കിവയ്ക്കപ്പെട്ട നീളങ്ങളിലും വീതികളിലും കല്ലും മൺകൂനയും കൽവെട്ടുകുഴി യും മുള്ളും മുരടും ചെളിത്തോടും ആയിരിക്കും. നിങ്ങളുടെ തലവരി അടച്ചുതീരുംവരെ അവിടെ ഒരു നല്ല റോഡുണ്ടാവില്ല. ഭാഗ്യത്തിനു നിങ്ങൾ ക്കൊരു ടൂവീലറോ, കാറോ ഉണ്ടായെന്നു വയ് ക്കുക. (ഇപ്പോൾ വില്ലേജാപ്പീസിലെ ജോലിയും അത്ര മോശമൊന്നും അല്ലെന്നേ!) അവ തല യിലേറ്റി വീടെത്തിക്കാൻ കഴിയുമോ നിങ്ങൾക്ക്! അത്തരം ഒരു വീടു മതിയെങ്കിൽ അങ്ങനെ! ശാരദ യുടെ വീടുതന്നെ വേണമെന്നു ഞാനെന്തിനു നിർ ബന്ധിക്കണം!

അല്ല! നമുക്കു ശാരദയുടെ വീടു ചെന്നു നോ ക്കാം. ഒരാനയെ കുപ്പായക്കീശയിലൊതുക്കാൻ പറ്റില്ലല്ലോ!

അയാളുടെ വാഗ്ധാരയിൽ മുങ്ങിത്താണ് ഞങ്ങൾ ഞങ്ങളുടെ സ്വപ്നത്തിലെ ബൈക്കിൽ ശാരദയുടെ വീടെത്തി.

പല വർണ്ണപ്പൂച്ചെടികൾകൊണ്ട് ഇടതൂർ ന്നൊരു വേലി. ഇടയ്ക്കൊരു ഗ്യാപ്. ഞങ്ങൾ മുറ്റത്തു പ്രവേശിച്ചു. പൂമുഖവാതിലിലിരുന്നു മുറ്റ ത്തേക്കു കാലിട്ട് കുഞ്ഞിനു മുലകൊടുക്കുന്ന ഒരു യുവതി. സുന്ദരി. ശാരദ. അവൾ വെപ്രാളപ്പെട്ടു ചാടിയെണീറ്റു. മുലകൾ ബ്ലൗസിലൊളിപ്പിച്ചു. കു ട്ടിയെ ചുമലിലിട്ടു. അവന്റെ മുഖം അവളുടെ കഴു ത്തിനും വലിയ മുടിക്കെട്ടിനുമിടയിൽ മറഞ്ഞു. മുണ്ടിന്റെ കോന്തല ഉയർത്തി മുഖം തുടച്ചു. അതു കൊണ്ടു മാറിടം മറച്ച് അവൾ വെടിപ്പുള്ള ഒരു പുഞ്ചിരി പുറത്തെടുത്തു.

ഇവർ നിന്റെ വീടു കാണാൻ വന്നവരാണ്. നിന്റെ രാജനെ വിളിക്കൂ.

അവളുടെ രാജൻ. രാജേട്ടൻ. അപ്പോൾ ഇടി ഞ്ഞുതിരുന്ന മുറ്റവരമ്പിന്റെ തുമ്പിലിരുന്നു രണ്ടു കൈപ്പത്തികളും ചേർത്തു കാൽമുട്ടിൽ വച്ചു വി രലുകൾ എണ്ണിത്തീർക്കുകയാണ്. അയാൾ പറമ്പി ലേക്ക് അഴിച്ചുകെട്ടിയ കിടാവ് തീറ്റ ആരംഭിച്ചുക ഴിഞ്ഞു.

ദല്ലാളിന്റെ വാക്കുകൾ കേട്ട്, രാജൻ, തത്ക്കാ ലം വിരലെണ്ണൽ നിറുത്തി. കാലിന്റെ മടക്കുകൾ നീർത്തി, ഒരു നില്പിലേക്കു പരിണമിച്ചു.

എന്താ കോയസ്സൻ മാപ്ലെ?

തത്കാലം ജോലിത്തിരക്കു മാറ്റിവച്ചിട്ട് ഒരു രണ്ടാംകെട്ടിന് ആലോചിക്ക്യ. എന്താ?

രാജന്റെ വിളറിയ മുഖം നാണത്താൽ ചുവന്നു കൂമ്പി. മടക്കിക്കുത്തഴിച്ചു മുണ്ടു താഴ്ത്തിയിട്ടു. അവൻ ഭവ്യതയോടെ ദല്ലാളിന്റെ മുൻപിലേക്കു നീങ്ങി.

വീടിന് ആളു വന്നിറ്റ്ണ്ട്!

ശാരദയോട് പറഞ്ഞില്യേ?

ശാരദയല്ലേ ഈ നില്ക്ക്ണു. മുഖദാവിൽ ചോദിച്ചോളാ! ദല്ലാൾ പറഞ്ഞു. വെറുങ്ങനെ വാ ക്കു പറയണ്ട. കച്ചവടമെങ്കിൽ കച്ചോടം!

ഞാൻ ശാരദയുടെ കൂടെ മുറിക്കകത്തേക്കു കടന്നു. നിരക്കനെ രണ്ടു മുറി. ഓരോ പായ് ഇടുക എന്നതിൽപരം മോഹങ്ങളൊന്നും കിടപ്പു മുറികളുടെ വലിപ്പത്തെക്കുറിച്ച് ശാരദയ്ക്കുണ്ടാ യിരുന്നില്ലെന്നു വ്യക്തം. ഉറങ്ങാനാണോ, എങ്കിൽ ഈ മുറികൾ ധാരാളം. ഒന്നു കുട്ടികൾക്ക്. മറ്റതു ദമ്പതികൾക്ക്. മുൻപിൽ രണ്ടിനെയും യോജിപ്പി ക്കുന്ന വരാന്ത. ക്ലോസ്ഡ്. പിന്നെ അടുക്കള. ഈ വീടിന്റെ ഉപജ്ഞാതാവ് ഒരു വീട്ടമ്മതന്നെ എന്ന തിനു തെളിവ്, മൊത്തം വീടിന്റെ പാതിയിലധി കം വലിപ്പമുള്ള അടുക്കള. വീട്ടമ്മയ്ക്ക് ഇടവലം നീങ്ങാനും, വേണമെന്നു തോന്നിയാൽ ഒന്നു നടു നീർക്കാനും വിസ്താരമുള്ള അടുക്കള എനി ക്കു നന്നേ ഇഷ്ടമായി. ഞാനും ശാരദതന്നെ. ചു വരിലെ ഒരു ചെറിയ അടയാളം തൊട്ടുകാണിച്ചിട്ട് അവൾ പറഞ്ഞു.

ചേച്ചീ, ഇവിടെ ഒരു മേശ വാർക്കണം. പാത്ര ങ്ങൾ അടുക്കി വയ്ക്കാൻ.

ഓ!

ചേച്ചീ, ഈയറ്റത്ത് ഒരു നീണ്ട, ഉയരം കുറഞ്ഞ മേശ. അല്ല, കട്ടിൽത്തിണ്ണ വേണം. വയ്യാന്നു തോ ന്നുമ്പോ ഒന്നു നടുനീർക്കാൻ. കിടന്നുകൊണ്ടു റോഡിലേക്കു നോക്കാം. അപ്പുറത്തെ മേട്ടിൽ കു ട്ടികൾ കളിക്കുന്നതു കാണാം.

ശരിയാണ്!

പിന്നെ... കഴിയുമെങ്കിൽ കീഴെ തറയോടു വി രിക്കണം. നമ്മൾ എത്രനേരമാ തറയിൽ നിന്നു ജോലി ചെയ്യുക?

വളരെ ശരി.

പിന്നെ. മറ്റിടത്തെല്ലാം നല്ല കാവിനിറം ചേർത്ത സിമന്റ്. കുട്ടികൾക്ക് ഓടിക്കളിക്കാം.

ഞാൻ ഒന്നിനും എതിരല്ല.

അവസാനം അടുക്കളയുടെ നടുക്ക്. കൂരയിലെ ചില്ലോടു കടന്നുവരുന്ന സൂര്യപ്രകാശത്തിൽ നിന്ന് അവളെന്നോടു ചോദിച്ചു:

കാശുണ്ടാവുമ്പോൾ നിങ്ങൾ ഈ വീടു പൊ ളിച്ചുകളയുമോ?

അവളുടെ കണ്ണിൽ നനവും, സ്വരത്തിൽ തേ ങ്ങലിന്റെ പതർച്ചയും ഉണ്ടായിരുന്നു.

വേണ്ടായിരുന്നു എന്റെ മനസ്സു മന്ത്രിച്ചു. ഈ

വീടു വേണ്ടായിരുന്നു.

ഇല്ല. ഞാൻ ചിരിക്കാൻ ശ്രമിച്ചു. ഞങ്ങൾക്കെങ്ങനെ വലിയ തുക ഉണ്ടാക്കി, ഇതിന്റെ സ്ഥാനത്തൊരു വലിയ കെട്ടിടം പണിയിക്കാൻ പറ്റും?

അതൊക്കെ പറ്റും ചേച്ചീ. കാലം എപ്പഴാ, ആർക്കാ നന്നാവ്വാന്ന് ആർക്കറിയാം? എന്നിട്ടവൾ വെയിൽനാളത്തിൽനിന്നകന്ന് അടുക്കളയുടെ ഇരുണ്ട കോണിലേക്കു നീങ്ങി.

എന്തിന് കോയസ്സൻ മാപ്ല ഞങ്ങളെ ഇവിടേക്കു തന്നെ കൊണ്ടുവന്നു?

മുറിയിൽനിന്നു മുറ്റത്തിറങ്ങിയ എന്റെ മുഖത്തു നോക്കി ഭർത്താവു ചോദിച്ചു: നർമ്മദയ്ക്ക് ഈ വീട് ഇഷ്ടമായില്ലേ?

ഉം..

ഞങ്ങൾ പാതയിലേക്കിറങ്ങി. ശാരദയുമായി എന്തോ കുശുകുശുത്ത് ദല്ലാൾ ഞങ്ങളുടെ പിറകെ വന്നു.

വീടല്പം ചെറുതാണ്. സമ്മതിച്ചു. പക്ഷെ, പാകത്തിനൊന്നു കിട്ടിവരണ്ടെ? പാവങ്ങള് ഗതികേടുകൊണ്ടാണ് ഇതു വില്ക്കുന്നത്.

മനസ്സിലായി.

വില കുറച്ചു കുറഞ്ഞുകിട്ടും.

ഞങ്ങൾ ബസ് സ്റ്റോപ്പിലേക്കു നടന്നു. പിറകിൽ കാലൊച്ച.

ശാരദ.

ഞാൻ വിചാരിച്ചു, താൻ വീടു വില്ക്കുന്നില്ലെന്ന്, അവൾ പറയുമെന്ന്. അവൾ പറയട്ടെ. മറ്റൊരു വീടു മതി. വാടകയ്ക്കു മതി. ശാരദയുടെ ഹൃദയം തട്ടിപ്പറിക്കരുത്.

ശാരദ എന്റെകൈയിൽ ഒന്നു തൊട്ടു.

ചേച്ചീ, ഒന്നു വരൂ. പറയട്ടെ...

ഞാൻ അവളുടെ അടുത്തേക്ക്.

അവൾ കരയുന്നുണ്ടായിരുന്നു.

ദയവു ചെയ്ത്... ചേച്ചീ... ചേച്ചിതന്നെ ഈ വീടു വാങ്ങണം. ചേച്ചിയാണെങ്കിൽ, വല്ലപ്പോഴും ഞാൻ ഇതിലേ വരുമ്പോൾ ഈ വീടും അകവും എല്ലാം എന്നെ ഒന്നു കാണാൻ അനുവദിക്കില്ലേ? വെറുതെ ഒന്നു കണ്ടു പോവാൻ?

എന്റെ ശിരസ്സു കുനിഞ്ഞു.

*(പൂർണ പ്രസിദ്ധീകരിക്കുന്ന പി. വത്സലയുടെ 'കാലാൾ കാവലാൾ' എന്ന കഥാസമാഹാരത്തിൽ നിന്ന്)*

●

---




₹145

പുതുതലമുറയിലെ ശ്രദ്ധേയയായ തമിഴ് എഴുത്തുകാരി
**സൽമയുടെ**
**അനുഭവസ്പർശമുള്ള പത്ത് കഥകൾ**
**മലയാളത്തിൽ വായിക്കാം.**

# ബാല്യം
## സൽമ

വിവർത്തനം : **കെ. എസ്. വെങ്കിടാചലം**

**പൂർണ പബ്ലിക്കേഷൻസ് കോഴിക്കോട്**
www.tbsbook.com www.amazon.in Ph: 9746473334

# എ.കെ.ബി.നായരുടെ ശ്രീമദ് ഭാഗവത മഹാപുരാണം ലളിതവ്യാഖ്യാനം പ്രകാശനം ചെയ്തു



**നി**രവധി ആദ്ധ്യാത്മികകൃതികളുടെ ഭാഷ്യകാരനായ എ.കെ.ബി.നായരുടെ ശ്രീമദ് ഭാഗവത മഹാപുരാണം ലളിതവ്യാഖ്യാനം ഗോവ ഗവർണർ പി.എസ്.ശ്രീധരൻ പിള്ള കോഴിക്കോട് അഴകൊടി ദേവി മന്ദിരം ഹാളിൽ നടന്ന യോഗത്തിൽ വെച്ച് പ്രകാശനം നി ർവ്വഹിച്ചു. 5000 പേജുകളുള്ള ഈ ബൃഹദ് ഗ്രന്ഥം നാലുവാള്യങ്ങളായിട്ടാണ് പ്രസിദ്ധീകരിച്ചിരിക്കുന്നത്. കോവിഡ് മഹാമാരി പടർന്നുകൊണ്ടിരിക്കുന്ന കാലഘട്ടത്തിൽ ദിവസവും ഒൻപത് മണിക്കൂർ സമയം വിനിയോഗിച്ച് 577 ദിവസങ്ങൾ കൊണ്ടാണ് എ.കെ.ബി.നായർ ഭാരതീയരുടെ ധർമ്മസംഹിതകൂടിയായ ഈ പവിത്രഗ്രന്ഥം പൂർത്തീകരിച്ചത്.

എം.കെ.രാഘവൻ, (എം.പി), തോട്ടത്തിൽ രവീന്ദ്രൻ, (എം.എൽ.എ) എം.ആർ.രാജേഷ്, മലയാളമനോരമ ചീഫ് ന്യൂസ് എഡിറ്റർ പി.ജെ.ജോഷ്വ എന്നിവരാണ് നാലുവാള്യങ്ങളുള്ള ഭാഗവതഗ്രന്ഥം ഏറ്റുവാങ്ങിയത്. മാതൃഭൂമി ചെയർമാൻ പി.വി.ചന്ദ്രൻ ആദ്ധ്യക്ഷം വഹിച്ച യോഗത്തിൽ ജന്മഭൂമി ന്യൂസ് എഡിറ്റർ എം. ബാലകൃഷ്ണൻ, ആറ്റക്കോയ പള്ളിക്കണ്ടി, ഗംഗാധരൻ നായർ, ഡോ.അനില വിനോദ് എന്നിവർ സംസാരിച്ചു. എ.കെ.ബി.നായർ ആമുഖ പ്രഭാഷണം നടത്തി. ആനന്ദവല്ലി അങ്ങേപ്പാട്ട് (പത്നി) ഭദ്രദീപം തെളിയിച്ചു. അനഘ അജിത് പ്രാർത്ഥന ശ്ലോകം ആലപിച്ചു.





പ്രദീപ് പേരശ്ശനൂർ

# ഇതിഹാസദർശനം

**ഇരുളിൽ പുഷ്പിക്കുന്ന പൂങ്കാവുകൾ**

**ഭ**ർത്താവ് നിരാസക്തനോ, ബലഹീനനോ അല്ലെങ്കിൽ ദുരൂഹമായത്തരം സാഹചര്യങ്ങളുടെ പശ്ചാത്തലത്തിലോ ആയാൽ ഭർത്താവിന്റെയോ രക്ഷിതാവിന്റെയോ സമ്മതത്തോടെ അന്യപുരുഷന്മാരിൽ നിന്നും സന്താനപ്രാപ്തി നേടുന്ന പല മുഹൂർത്തങ്ങളും മഹാഭാരതത്തിൽ ഉണ്ട്. ദാമ്പത്യത്തിൽ ഇതുപോലെയുള്ള ചില സമാന്തരജീവിതങ്ങളും സംഭവിക്കാറുണ്ട്. ഇതിഹാസത്തിൽ അതൊന്നും അധമവികാരത്തിന്റെയോ അവിശുദ്ധാനുരാഗത്തിന്റെയോ അധോതലങ്ങളല്ല. ഒറ്റനോട്ടത്തിൽ അനുവാചകന് ജുഗുപ്സാവഹമായി തോന്നുമെങ്കിലും നിയതിവിലാസത്തിന്റെ പൂർണ്ണതയ്ക്ക് ഇവ്വക കാര്യങ്ങൾ അനിവാര്യമായി ഭവിക്കുകയാണ്. അവിടെ അധാർമ്മികതയുടെയോ ചാരിത്ര്യച്യുതിയുടെയോ പ്രശ്നമുദിക്കുന്നില്ല. നിറഞ്ഞുകവിഞ്ഞും സ്ഫടികവർണ്ണം പോലുള്ള തെളിനീരായും ഒഴുകുന്ന സ്വച്ഛമായ നദി ചിലയിടങ്ങളിലെത്തുമ്പോൾ ചേർച്ചയില്ലാത്തതും നുരയ്ക്കുന്നതും ചെളിക്കലക്കത്തോട് കൂടിയതുമായ കൈവഴികൾ സ്വീകരിക്കുന്നത് കാണാം. അംഗീകൃതമായ പുഴയുടെ അസ്തിത്വത്തിന് അപവാദമായ സംഗതിയാണത്. ആ ഘട്ടം കഴിഞ്ഞാൽ കലക്കവും മലരിയും മാറി പുഴ പൂർവ്വാധികം തെളിച്ചവും കാന്തിയും കൈവരിക്കുന്നു.

ശന്തനുരാജാവിന് സത്യവതിയിലുണ്ടായ പുത്രന്മാരാണ് ചിത്രാംഗദനും വിചിത്രവീര്യനും. രണ്ടുപേരും അമിതമായ പരിലാളനയാൽ വഷളായാണ് വളർന്നത്. ചിത്രാംഗദൻ വളരെ നേരത്തേ മരണപ്പെട്ടു. ഭീഷ്മരുടെ തണലിൽ വിചിത്രവീര്യൻ രാജാവായി. ഭീഷ്മരെപ്പോലെ യുദ്ധവീരനൊന്നുമല്ല വിചിത്രവീര്യൻ. സ്വയംവരമണ്ഡപത്തിൽ നിന്ന് ഭീഷ്മർ തട്ടിക്കൊണ്ടുവന്ന കന്യകകളെയാണ് (അംബികയും അംബാലികയും) വിചിത്രവീര്യൻ ഭാര്യമാരാക്കിയത്. അധികമായ വിഷയാസക്തിയിൽ മുഴുകിയതുകൊണ്ടും മറ്റും ക്ഷയം വന്ന് അകാലത്തിൽ വിചിത്രവീര്യനും മരിച്ചു. പത്നിമാർക്ക് മക്കളുണ്ടായിരുന്നില്ല. അടുത്ത രാജാവായ് ആരെ വാഴിക്കും? ഭീഷ്മർക്ക് ശപഥമുള്ളതിനാൽ രാജാവാകാനോ, വിവാഹിതനാകാനോ പറ്റില്ല.

ആ സന്ദിഗ്ധതയിൽ സത്യവതി ഭീഷ്മരോടാലോചിച്ച് ഒരു തീരുമാനമെടുത്തു! അവർ, വിവാഹത്തിന് മുമ്പ് തനിക്ക് പരാശരമുനിയിലുണ്ടായ ആദ്യപുത്രനെ (സാക്ഷാൽ വേദവ്യാസനെ) വിളിച്ചുവരുത്തുകയും അനന്തരാവകാശികളുണ്ടാകാൻ വിചിത്രവീര്യന്റെ വിധവകളും യൗവ്വനം തെറ്റാത്തവരുമായ അംബികയേയും അംബാലികയേയും പ്രാപിച്ച് പുത്രോൽപ്പാദനം നടത്താൻ കല്പിക്കുകയും ചെയ്യുന്നു. അപ്രകാരം അംബികക്കുണ്ടായ പുത്രനാണ് കൗരവരുടെ പിതാവായ അന്ധനായ ധൃതരാഷ്ട്രർ. അംബാലികക്കുണ്ടായ പുത്രൻ പാണ്ഡവരുടെ പിതാവായ പാണ്ഡു. വിചിത്രവീര്യന്റെ മക്കളായ് തന്നെയാണ് സമൂഹത്തിൽ ധൃതരാഷ്ട്രരും പാണ്ഡുവും അറിയപ്പെട്ടത്. ശരിക്കുള്ള പിതൃത്വം രഹസ്യമാക്കി വെച്ചു. വേദവ്യാസന്റെ ജനനവും അരുതാത്ത ബന്ധത്തിലൂടെ സംഭവിച്ചതെന്ന് മനസ്സിലാക്കുക. സത്യവതി പരാശരമുനിയെ കടത്തുതോണിയിൽ കാളിന്ദീനദി മുറിച്ചുകടത്തുമ്പോൾ പരാശരൻ സത്യവതിയുടെ സൗന്ദര്യത്തിൽ നിലതെറ്റി കന്യകയെ സ്വന്തം ഇംഗിതത്തിന് വിധേയമാക്കുകയായിരുന്നു. ആ ബന്ധത്തിൽ ഭൂജാതനായി വ്യാസൻ. പിന്നീട് പരാശരമുനിതന്നെ തപോഫലത്താൽ കന്യകാത്വം നൽകി സത്യവതിയെ അനുഗ്രഹിക്കുന്നുണ്ട്.

വിചിത്രവീര്യന്റെ ദുർവ്വിധി 'മകനാ'യ പാണ്ഡുവിൽ ആവർത്തിക്കുന്നു. പാണ്ഡുവിന് രണ്ട് പത്നിമാരായിരുന്നു. കുന്തിയും മാദ്രിയും. ഒരിക്കൽ നായാട്ടിന് പോയ പാണ്ഡു രണ്ട് മാനുകൾ ഇണചേരുന്നത് കണ്ടു. ജിഘാംസ ഉണർന്ന പാണ്ഡു ഇരുമാനുകളേയും അമ്പെയ്തു

വീഴ്ത്തി. പെട്ടെന്നവ നൂൽബന്ധമില്ലാത്ത രണ്ട് മനുഷ്യരായി മാറി. കിന്ദമമഹർഷിയും പത്നിയും. മനുഷ്യരൂപത്തിൽ സംഭോഗം ചെയ്യുന്നതിൽ നാണക്കേട് തോന്നിയതുകൊണ്ട് മഹർഷിയും പത്നിയും മൃഗരൂപത്തിലേക്ക് മാറിയതാണ്. ഇരുവരും അവിടെവെച്ചു തന്നെ മരിച്ചു. മരിക്കുന്നതിന് മുമ്പ് കിന്ദമമഹർഷി പാണ്ഡുവിനെ ശപിച്ചു: 'ക്രൂരാ, ഇനി എപ്പോഴെങ്കിലും നീ നിന്റെ പത്നിമാരെ ക്രീഡിക്കാനൊരുമ്പെട്ടാൽ ഇതുപോലെ നിനക്കും മരണം സംഭവിക്കും.' ഘോരശാപം! പാണ്ഡുവിനും പത്നിമാർക്കും അതിയുവത്വം. അതുവരെ മക്കളായിട്ടില്ല. കുറേക്കാലം പാണ്ഡു കാമമോഹങ്ങൾ അടക്കി വനത്തിൽ പത്നിമാരോടൊത്ത് വാനപ്രസ്ഥം അനുഷ്ഠിച്ച് ജീവിച്ചു. പക്ഷേ മരണത്തിന് മുമ്പേ പാണ്ഡു ദീർഘവീക്ഷണത്തോടെ ചില കാര്യങ്ങൾ നടപ്പാക്കിയിരുന്നു. തന്റെ വംശം നിലനിൽക്കാൻ അദ്ദേഹത്തിന്റെ സമ്മതപ്രകാരം പത്നിമാർ അതിപ്രഭാവശാലികളായ ദേവന്മാരിൽ നിന്ന് പുത്രഭാഗ്യം നേടി. അങ്ങനെ കുന്തിക്കും മാദ്രിക്കും കരുത്തരും ദേവാംശമുള്ളവരുമായ സന്തതികളുണ്ടായി. അവരാണ് പഞ്ചപാണ്ഡവർ. പാണ്ഡുവിന്റെ മക്കളായ് തന്നെയാണ് അവരും സമൂഹത്തിൽ അറിയപ്പെട്ടത്.

ജീവിതം ഒരിക്കലും നേർരേഖ പോലുള്ള സുഗമപാതയല്ല. വംശാവലികളുടെ പൈതൃകം ചികഞ്ഞാൽ കൈവഴി തെറ്റുന്ന അമ്പരപ്പിക്കുന്ന അതിരഹസ്യങ്ങൾ പലതും വെളിപ്പെട്ടെന്നു വരാം.

(തുടരും.....)

●






## പ്രകാശനം



പൂർണ പ്രസിദ്ധീകരിച്ച, ജലജ രാജീവിന്റെ **'ഉത്കർഷത്തിന്റെ നോട്ടുപുസ്തകം'** എറണാകുളം IMA ഹാളിൽ ഡോ. മഞ്ജുള (Rtd. HOD കമ്മ്യൂണിറ്റി മെഡിസിൻ) ജോർജ്ജ് കരുനാക്കലിനു നൽകി പ്രകാശനം ചെയ്തു. ഡോ. രഘു (സീനിയർ സർജൻ & ഡയറക്ടർ, എറണാകുളം മെഡിക്കൽ സെന്റർ), സി. എ. ഉണ്ണികൃഷ്ണൻ തുടങ്ങിയവർ സംബന്ധിച്ചു.

# പിന്നെയും പിന്നെയും മനുഷ്യനെക്കുറിച്ച് വിചാരപ്പെടുന്ന കഥകൾ



രാജേന്ദ്രൻ എടത്തുംകര

യു.കെ. കുമാരന്റെ 'പുതിയ ഇരിപ്പിടങ്ങൾ' (1986) എന്ന കഥാസമാഹാരം പുറത്തുവരുമ്പോൾ മലയാളത്തിൽ ആധുനികതയുടെ മഴപ്പെയ്ത്തും മരപ്പെയ്ത്തും അവസാനിച്ചുകഴിഞ്ഞിരുന്നു. രണ്ടു ദശാബ്ദത്തിലേറെക്കാലം മലയാള ചെറുകഥയിൽ സർവപ്രതാപത്തോടെ വാണ രചനാസങ്കേതങ്ങളായ അന്യവത്കരണം, മോഹഭംഗം, അപകർഷതാബോധം, ബോധധാര, അവ്യക്തത, ക്ലിഷ്ടത, സങ്കീർണ്ണത, വിച്ഛിന്നത, തത്വാന്വേഷണം, രേഖീയമല്ലാത്ത ആഖ്യാനം എന്നിവ അപ്പോഴേക്കും അതിപരിചയത്തിന്റെ സ്വാഭാവികപരിണതിയിലേക്ക് നീങ്ങിക്കഴിഞ്ഞിരുന്നു. 'പുതിയ ഇരിപ്പിടങ്ങ'ളിൽ ദൃശ്യമായ പ്രമേയത്തിന്റെ യഥാതഥമായ പരിചരണം, നിത്യജീവിതത്തിന്റെ പ്രശ്നങ്ങളുടെ അവതരണം, ആവിഷ്കാരത്തിലെ മനശ്ശാസ്ത്രപരമായ യതാതഥസ്വഭാവം, വിഭിന്നങ്ങളായ വ്യക്തിത്വങ്ങളുടെ ആവിഷ്കാരം, സാമൂഹികതയുടെ പശ്ചാത്തലം, ലാളിത്യം കൈവരിച്ച ഭാഷാപ്രയോഗം, സ്വച്ഛമായ കഥാപാത്രവികസനം, ആഖ്യാനത്തിലെ ലാളിത്യം തുടങ്ങിയ സവിശേഷതകൾ ഒരേസമയം ആധുനികതയ്ക്കെതിരായ പൊതുനിലപാടുകളും ആധുനികാനന്തരതയുടെ പൊതുസ്വഭാവങ്ങളുമായിരുന്നു.

ആധുനികതയുടെ പ്രചണ്ഡപ്രവാഹം അനുഭവിപ്പിച്ച കഠിനസ്വരത്തിന്റെയും സങ്കീർണ്ണമായ ആഖ്യാനരീതിയുടെയും ആരാധകരുടെ മുന്നിൽ വ്യത്യസ്തമായ സ്വരവും ആഖ്യാനരീതിയുമായി പ്രത്യക്ഷപ്പെടുക എന്നത് കനത്ത വെല്ലുവിളിയായിരുന്നു. മലയാളത്തിലെ ആധുനികാനന്തരരുടെ ആദ്യതലമുറ നേരിട്ട ആ വെല്ലുവിളിയോളം ആഴവും പരപ്പും ചുഴിയും മലരിയും നമ്മുടെ സാഹിത്യചരിത്രത്തിൽ മറ്റേതെങ്കിലും തലമുറ നേരിട്ടിട്ടുണ്ടാവുമോ? സംശയമാണ്. എഴുത്തിന്റെ പ്രഥമപഥത്തിൽ തന്റെ പ്രസക്തി തെളിയിക്കുക എന്നതായിരിക്കും എല്ലാ എഴുത്തുകാരുടെയും ആത്യന്തികലക്ഷ്യം.



വ്യക്തിപരമായി തന്റെയും ഭാവുകത്വപരമായി തന്റെ തലമുറയുടെയും പ്രസക്തി തെളിയിക്കുക എന്ന ഇരട്ട ഉത്തരവാദിത്തം ആ പുസ്തകത്തിൽ യു.കെ. കുമാരന് ഏറ്റെടുക്കേണ്ടിവന്നു. പുതിയ ഇരിപ്പിടങ്ങൾ പുറത്തുവരുമ്പോൾ അതിന്റെ രചയിതാവിനു മുന്നിൽ അനിവാര്യമായ ഒരു ഭാവുകത്വപരിണാമത്തെ വിളംബരം ചെയ്യാൻ തയ്യാറായി നില്ക്കുന്ന നിരൂപകരുടെ ധാരാവാഹിത്വം ഉണ്ടായിരുന്നില്ല. എങ്കിലും, 'പുതിയ ഇരിപ്പിടങ്ങളെ'ത്തേടി മാവേലിക്കരയിൽനിന്നും ധിഷണ പുരസ്കാരം എത്തിച്ചേർന്നു; വഴിമാറിനടത്തത്തിനുള്ള ആദ്യ ഹസ്തദാനം. ഭാവുകത്വത്തിന്റെ മാറ്റം വളരെപ്പെട്ടെന്ന് ഉൾക്കൊള്ളാൻ കഴിഞ്ഞ വായനക്കാരാൽ ധാരാളമായി പരിഗണിക്കപ്പെടുകയും അത് എളുപ്പം പിടികിട്ടാതിരുന്ന നിരൂപകരാൽ അക്കാരണത്താൽത്തന്നെ അത്രയൊന്നും പരിഗണിക്കപ്പെടാതിരിക്കുകയും ചെയ്യുക എന്ന ചരിത്രപരമായ ദ്വൈവിധ്യം ആധുനികതയ്ക്കും ആധുനികോത്തരതയ്ക്കും ഇടയിലെ ആ ഒറ്റപ്പെട്ട ഋതുവിലെ എല്ലാ എഴുത്തുകാരെയും വേണ്ടിവിധത്തിൽ അനുഗ്രഹിച്ചിട്ടുണ്ട്. ഗുണപരിണാമപരീക്ഷകരായ വായനക്കാരുടെ കൈയിലേക്ക് പിന്നെയും മൂന്നുവർഷം കഴിഞ്ഞ് രണ്ടാമത് കഥാസമാഹാരവും (പാവം കള്ളൻ) ഏഴുവർഷം കഴിഞ്ഞ് മൂന്നാമത് കഥാസമാഹാരവും (അച്ഛൻ ഉറങ്ങുന്നില്ല) പുറത്തുവന്നു. അങ്ങനെ കഥകളുടെയും സമാഹാരങ്ങളുടെയും തുടർച്ചയുണ്ടായി. കഥകളും കഥാകൃത്തും വളർന്നൂ; മലയാളത്തിലെ കഥാസാഹിത്യത്തിന്റെ ബലവത്തായ സമകാലികമുഖമായി.

പ്രീ ഡിഗ്രി പഠനകാലത്ത് ആരംഭിച്ച യു.കെ. കുമാരന്റെ കഥയെഴുത്ത് (ചലനം) ഏറ്റവുമൊടുവിൽ 'ആടുകളെ വളർത്തിയ വായനക്കാരി' (2023) എന്ന കഥാസമാഹാരത്തിൽ എത്തിനില്ക്കുമ്പോൾ കഥയിൽ കഴിഞ്ഞുപോയത് അഞ്ചുപതിറ്റാണ്ടിന്റെ ഋതുക്കൾ. ആധുനികതയുടെ കാലത്ത് എഴുതിത്തുടങ്ങി, ആധുനികാനന്തരതയുടെ കാലത്ത് ഇരിപ്പുറപ്പിച്ച് ആധുനികോത്തരതയുടെ കാലത്ത് ലബ്ധപ്രതിഷ്ഠ നേടിയ ഈ എഴുത്തുകാരൻ തത്കാല ട്രെന്റുകൾക്കും ഫാഷനുകൾക്കും പി റകേ ഒരിക്കലും സഞ്ചരിച്ചിട്ടില്ല. മനുഷ്യഭാഗധേയത്തെ സത്യസന്ധമായി അടയാളപ്പെടുത്തുന്ന കഥകൾ തനിക്ക് സ്ഥായിയായ മേൽവിലാസമൊരുക്കിത്തരും എന്നു വിശ്വസിച്ചു; അങ്ങനെത്തന്നെ സംഭവിക്കുകയും ചെയ്തു.

പരിവേഷങ്ങളില്ലാത്ത ജീവിതമാണ് യു.കെ. കുമാരന്റെ ഇഷ്ടപ്രതിപാദനവസ്തു. സൈദ്ധാന്തികമായ വരിഞ്ഞുമുറുക്കലുകൾക്ക് ഇടനല്കാതെ അവ അനർഗളമായി പ്രവഹിക്കുന്നു. നിത്യജീവിതം എന്ന ഉരകല്ലിലുരച്ച് കഥയുടെ കല തെളിച്ചുകാണിക്കുന്നതാണ് പൊതുവെ യു.കെ. കുമാരന്റെ ആഖ്യാനരീതി. ആധുനികതയുടെ ഇഷ്ടപ്രമേയങ്ങളിലൊന്നായ അന്യവത്കരണത്തെ നിത്യജീവിതത്തിന്റെ അതിസാധാരണമായ സങ്കടങ്ങളിലേക്ക് ഇറക്കിക്കൊണ്ടുവന്നു നിർത്തുന്ന കഥയായ 'മടുത്ത കളി' ഇതിവൃത്തപരിചരണത്തിലെ വ്യത്യസ്തത വെളിപ്പെടുത്തിത്തരുന്നുണ്ട്. ജീവിതം കൂടുതൽ വ്യക്തമാകുന്നത് പരിചിത സാഹചര്യങ്ങളുടെ അപരിചിത വായനയിലാണ് എന്ന് ഈ കഥ പറഞ്ഞുതരു

ന്നു. കാണികൾ വലയം ചെയ്ത തെരുവിൽ ചമയങ്ങളണിഞ്ഞ്, വികൃതവേഷം ധരിച്ച്, പേരുപോലും നഷ്ടപ്പെട്ട്, ചിരിയ്ക്കുപാത്രമായി നില്ക്കുന്ന ഒരു കഥാപാത്രമുണ്ട് ഈ കഥയിൽ. ഒരു ദിവസം അയാൾക്ക് ആ കളി മടുക്കുന്നു. ലോകത്തിനുമുന്നിൽ വേഷംകെട്ടിനില്ക്കുന്ന കളിയിൽ നിന്നും അയാൾ വിരമിക്കുന്നു. മറ്റൊരു ദിവസം, സ്വതന്ത്രൻ എന്ന ഭാവത്തിൽ അതേ തെരുവിലൂടെ നടക്കുമ്പോൾ അവിടെ വികൃതവേഷം ധരിച്ച മറ്റൊരാളെ കണ്ടുമുട്ടുന്നു. 'മുമ്പത്തെപ്പോലെ കാഴ്ചക്കാർ അതിനെ വലയംചെയ്തിരിക്കുന്നു. ആരാണീ വേഷം കെട്ടിയത്? കുറെക്കൂടി അടുത്തേക്കു ചെന്നു. അതു ഞാൻതന്നെയായിരുന്നു. എന്റെ മകൻ' എന്ന് കഥ അവസാനിക്കുന്നു.

സർഗാത്മകവ്യാഖ്യാനത്തിന് അസാധാരണമാംവിധം വിഭവശേഷി പ്രദാനംചെയ്യുന്ന രത്നാകരമാണ് നിത്യജീവിതം എന്ന് ഈ കഥ വെളിപ്പെടുത്തുന്നു. ഒരുപക്ഷേ, യു.കെ. കുമാരന്റെ ഏതാണ്ടെല്ലാ കഥകൾക്കും പാകമാണ് ഈ പ്രസ്താവന. തന്നിലേക്കും ലോകത്തിലേക്കും തുറന്നുവെച്ച വാതിലിലൂടെയാണ് കഥാകൃത്ത് കഥാപാത്രങ്ങളെ സ്വീകരിക്കുന്നത്. 'അയാൾ ഇപ്പോൾ ഇവിടെയുണ്ടായിരുന്നുവല്ലോ' എന്ന് വായനക്കാർക്ക് തോന്നിപ്പിക്കുന്ന വിധത്തിൽ സ്വാഭാവികത നിറഞ്ഞതാണ് അദ്ദേഹത്തിന്റെ കഥാപാത്രസങ്കല്പനം. 2020, ഹൃദയപക്ഷം, അപൂർണ്ണവിരാമം, സാക്ഷിയായ് ഞാൻ, അച്ഛൻ ഉറങ്ങുന്നില്ല, അടുക്കളയിലേക്കുള്ള വഴി, വിരാമസന്ധി എന്നിങ്ങനെ അത്തരം കഥാപാത്രനിർമ്മിതികളുടെ ഒരു ശ്രേണിതന്നെ ഈ സമാഹാരത്തിൽ കാണാനാവും. ചെറിയ ബ്രഷ്മാർക്കുകൾകൊണ്ടു വരയ്ക്കുന്ന പോർട്രേറ്റുകൾപോലെയാണവ. നിറങ്ങളുടെ ധാരാളിത്തമില്ല. വേണ്ടിടത്തുമാത്രം, വേണ്ടത്രമാത്രം നിറങ്ങൾ. അടക്കിപ്പിടിച്ച ഭാവപ്രകടനംപോലെയാണ് ആ കഥാപാത്രന ിർമിതികൾ എന്നേ തോന്നൂ. പരിചിതമായ ഒരിടത്തേക്കാണല്ലോ കഥാകൃത്ത് കൊണ്ടുപോകുന്നത് എന്നു തോന്നിയേക്കാം, പക്ഷേ, കഥ ചെന്നെത്തിനില്ക്കുന്നത് സംഘർഷാത്മകമായ, പ്രവചിക്കാനാവാത്ത ഒരിടത്തായിരിക്കും. അത്തരം സന്ദർഭങ്ങളിൽ കഥാഗതിയുടെ പരിണാമത്തെ ഒട്ടും വെളിപ്പെടുത്താതെ മുന്നേറുക എന്നത് എഴുത്തുകാരനെ സംബന്ധിച്ച് വലിയ വെല്ലുവിളിയാണ്. ആഖ്യാനത്തിലെ പ്രതിഭാവിശേഷം ഒന്നുകൊണ്ടു മാത്രമേ അതു മറികടക്കാനാവൂ. ഇതിവൃത്തത്തിന്റെ സ്വാഭാവിക പരിചരണം അവിശ്വസനീയമായ നാടകീയതയെയും അമ്പരപ്പിക്കുന്ന ക്ഷിപ്രപരിണാമത്തെയും നിരസിക്കുകയും സത്യസന്ധമായ ഒരു അനുഭവാഖ്യാനത്തിന്റെ വിശ്വാസ്യതയോടെ, സുലളിതമായി, എന്നാൽ കരുത്ത് ഒട്ടും ചോരാതെ വായനക്കാരിലേക്ക് പ്രവേശിക്കുകയും ചെയ്യുന്നു. ഒരു ഭാവഗീതം അവസാനിപ്പിക്കുന്നതുപോലെയാണ് അദ്ദേഹം കഥകൾ അവസാനിപ്പിക്കുന്നത്. ഒരു പരിണതിയുടെ അറ്റമടഞ്ഞ അവസാനവാക്കായല്ല, വായനക്കാർക്കുകൂടി പ്രവേശനമനുവദിക്കുന്ന തുറന്ന സാധ്യതയായാണ് പ്രായേണ അവ ചെന്നുനില്ക്കുന്നത്.

അടുപ്പങ്ങളുടെ മനശ്ശാസ്ത്രം ഈ എഴുത്തുകാരനെ ആഴത്തിൽ സ്വാധീനിച്ചിട്ടുണ്ട്. മനുഷ്യബന്ധങ്ങളുടെ ആഴംതേടി സഞ്ചരിക്കുകയും അതിനെ വിളക്കിച്ചേർക്കാനും വിളക്കിച്ചേർക്കാതിരിക്കാനും ഇടയാക്കുന്ന സാഹചര്യങ്ങളെക്കുറിച്ച് അന്വേഷിക്കുകയും ചെയ്യുക എന്നത് യു.കെ. കുമാരന്റെ കഥകളുടെ പൊതുസ്വഭാവങ്ങളിലൊന്നാണ്. ചിലതരം സാന്നിദ്ധ്യങ്ങൾ മാത്രം ഉച്ചത്തിൽ ആഘോഷിക്കപ്പെടുന്ന ഒരു 'ഭൂമിവാതില്ക്കൽ' നിന്നുകൊണ്ട്, അസാന്നിദ്ധ്യങ്ങളെക്കുറിച്ചുള്ള എന്തുമാത്രം ഉത്കണ്ഠകളാണ് ആ കഥകളിൽ! 'പാദരക്ഷകൾ അഴിച്ചുവെച്ച്, നിശ്ശബ്ദമായ കാൽവെയ്പുകളോടെ പരസ്പരം കണ്ണുകൾകൊണ്ട് സംസാരിച്ച്' (പുതിയ ഇരിപ്പിടങ്ങൾ) ജീവിതത്തിനകത്തേക്ക് പ്രവേശിക്കുന്ന കഥാപാത്രങ്ങളുടെ ചിത്രശാല അവിടെ കാണാനാവും.

നാം ജീവിക്കുന്നത് മറ്റുള്ളവരുടെ മനസ്സുകളിൽക്കൂടിയാണ് എന്നൊരു ജീവിതാവബോധം ഓർമിപ്പിക്കുന്നവരോ പിൻപറ്റുന്നവരോ ആണ് യു.കെ. കുമാരന്റെ കഥാപാത്രങ്ങളിൽ ഏറെയും. 'അബ്ദുറഹിമാനും അമർനാഥും' എന്ന കഥയിലെ ബാങ്കു മാനേജരും ഭാര്യയും തമ്മിൽ പങ്കുവെയ്ക്കുന്ന ലോകം, അതേ വിധത്തിലോ വിപരീതവിധത്തിലോ, പാരസ്പര്യമായോ പാരസ്പര്യമില്ലായ്മയായോ, അദ്ദേഹത്തിന്റെ കഥാപ്രപഞ്ചത്തിൽ വ്യാപിച്ചുനില്ക്കുന്നുണ്ട്. മനസ്സുകൾ തമ്മിലുള്ള അകലത്തെ ആവിഷ്കരിക്കുന്ന ഒരു കഥയുടെ ശീർഷകം 'വിള്ളലിന്റെ ആഴം' എന്നാണ്. ആഴമേറിയ ആ വിള്ളലിന്റെ അർഥം ഇതാണ്: 'ഒരിക്കലും മറ്റൊരാൾ തൊട്ടടുത്തിരിക്കുന്ന ആളെ പരിഗണിക്കുന്നതേ ഇല്ല. പരസ്പരം സംസാരിക്കുന്നതുമില്ല. അബ്ദുറഹിമാനും അമർനാഥും എന്ന കഥയിലെ പരസ്പരം ഒന്നായിത്തീരുക എന്ന ലോകദർശനത്തിന്റെ വിപരീതധ്വനിയ്ക്കുനേരെയുള്ള നോട്ടമാണ് 'വിള്ളലിന്റെ ആഴ'ത്തിന്റെ പ്രമേയത്തെ ചിട്ടപ്പെടുത്തിയത്. കഥാകൃത്തിന്റെ ഭാവാഖ്യാനപാടവത്തിന്റെ ദൂരമത്രയും ഈ രണ്ടു കഥകൾക്കിടയിലായി പരന്നുകിടക്കുന്നുണ്ട്.

പരസ്പരം മനസ്സിലാക്കാൻ കഴിയാത്തവർ അവരവരുടെ ജീവിതത്തിൽ ഏറ്റുവാങ്ങുന്ന ഏകാന്തതയുടെ ഭാരത്തെ അനായാസസുന്ദരമായി ആഖ്യാനം ചെയ്യുന്ന ഒട്ടേറെ കഥകൾ ഈ സമാഹാരത്തിലുണ്ട്. അവയിലെ സംഘർഷനിർമിതിയുടെ വൈവിദ്ധ്യം അമ്പരപ്പിക്കുന്നതാണ്. വിപരീതങ്ങളെ മുഖാമുഖം നിർത്തിയാൽ സംഘർഷമാകും എന്ന നാടകീയതത്വത്തെ കഥാകൃത്തിന് അത്ര എളുപ്പത്തിൽ ആവിഷ്കരിക്കാനാവില്ലല്ലോ. കഥയിലെ സംഘർഷം ഇതിവൃത്തപുരോഗതിയുടെ സ്വാഭാവികോല്പന്നമാകണം. ഇതിവൃത്താനുസാരിയായല്ലാതെ ബലംപ്രയോഗിച്ച് ആനയിക്കുന്ന സംഘർഷം മുഴച്ചുനില്ക്കുന്ന വൈരൂപ്യമായേ അനുഭവപ്പെടൂ. സ്വാഭാവികമായ സംഘർഷനിർമ്മിതിയുടെ കലാരഹസ്യം സ്വായത്തമായതിനാൽ യു.കെ. കുമാരന്റെ കഥകൾക്ക് വായനക്കാരെ ആദിമദ്ധ്യാന്തം 'എൻഗേജ് ചെയ്തു' നിർത്താൻ സാധിക്കുന്നു. 'റീഡർ എൻഗേജ്മെന്റ്' എന്നത് ഒരു ചില്ലറപ്പണിയല്ല. സ്വാഭാവികമായി സൃഷ്ടിക്കപ്പെടുന്ന സംഘർഷത്തിന്റെ ഹൃദയഹാരിത്വം അദ്ദേഹത്തിന്റെ കഥകളെ തെളിച്ചമുള്ളതായി ത്തീർക്കുന്നു. മനുഷ്യബന്ധങ്ങളുടെ ഭാരമാണ് (ഭാരരാഹിത്യവും) യു.കെ. കുമാരന്റെ മുഖ്യമായ ആലോചനാവിഷയങ്ങളിലൊന്ന്.

*തുടരും..*

*(പൂർണ പ്രസിദ്ധീകരിക്കുന്ന യു.കെ.കുമാരന്റെ സമ്പൂർണകഥകളുടെ പഠനം.)*

# പുതിയ പുസ്തകങ്ങൾ-പുതിയ പതിപ്പുകൾ



**പുതിയ പേരുകൾ**
**പുതിയ ഭൂമി**
നോവയൊലെറ്റ് ബുലവായോ
വിവർത്തനം: ചിഞ്ജു പ്രകാശ്
നോവൽ
₹350




**വാൻഗോഗിൻ**
രാജൻ തുവ്വാര
നോവൽ
₹210.00



**നിറങ്ങൾ**
മുണ്ടൂർ സേതുമാധവൻ
നോവൽ
₹105.00



**അനന്തം**
എൻ.സി.കണാരൻ
നോവൽ
₹210



**പാട്ടുപെട്ടി**
**കുട്ടിപ്പാട്ടുകളും**
**ആംഗ്യപ്പാട്ടുകളും**
ബിമൽ കുമാർ രാമങ്കരി
ബാലസാഹിത്യം
₹65



**ദത്ത**
ശരത്ചന്ദ്ര ചാറ്റർജി
വിവർത്തനം
ലീലാ സർക്കാർ
നോവൽ
₹250



**പാഗൽഗാച്ചും**
**കോമാളി വിഷ്ണുവും**
രാജൻ തിരുവോത്ത്
കഥാസമാഹാരം
₹300



**കുട്ടനാട്**
ശ്രീകുമാരൻതമ്പി
നോവൽ
₹260



**ടി.എം.എബ്രഹാമിന്റെ**
**തിരഞ്ഞെടുത്ത**
**നാടകങ്ങൾ**

₹650



**ഗ്രൗണ്ട് സീറോ**
പി.വത്സല
ചെറുകഥ
₹120.00



**ഭൂമിവിലാസം**
വി.ജയദേവ്
നോവൽ
₹750



**ഉത്ക്കർഷത്തിന്റെ**
**നോട്ടുപുസ്തകം**
ജലജ രാജീവ്
മോട്ടിവേഷൻ
₹125

POORNASREE MONTHLY

Date of Publication : 02 SEPTEMBER 2023
REGISTERED RNI KERMAL/2007/29677
Registered No KL/CT/143/2022 2024

Price: ₹5
License No. KL/PMG/NR/WPP/48/KKD/2022-2024
Licence to Post without Pre Payment


# കേവലം പത്തുമാസത്തിനകം പരിഷ്കരിച്ച പതിപ്പിൽ!



മുഖവില: ₹1500

₹999

ബുക്സ്റ്റാളുകൾക്കും ഏജൻസികൾക്കും പ്രത്യേക ഓഫർ

9746473334
വിളിക്കൂ
പുസ്തകം
വീട്ടിലെത്തും

# ബുദ്ധവെളിച്ചം

## കുട്ടികളുടെ ശ്രീബുദ്ധൻ

ബുദ്ധരചന : ഡോ.കെ.ശ്രീകുമാർ
മുഖപ്രസാദം : സി.രാധാകൃഷ്ണൻ
ബുദ്ധവര : അഞ്ജലി രാജീവ്
രൂപകല്പന : രാജേഷ് ചാലോട്

മികച്ച ഗ്രന്ഥത്തിനുള്ള ഗോൾഡൻ ബുക്ക് അവാർഡ്, ഭാരത് ഭൂഷൺ സമ്മാൻ, ഭാരതീയ ഏകതാ സമ്മാൻ,
ഗ്യാൻരത്ന പുരസ്കാർ, ഭാരത് ശ്രീ പുരസ്കാർ, ഉത്തമൻ പാപ്പിനിശ്ശേരി ബാലസാഹിത്യ പുരസ്കാരം,
പി. ഉസ്മാൻ മാസ്റ്റർ ബാലസാഹിത്യ പുരസ്കാരം, മികച്ച പുസ്തകനിർമ്മിതിക്കുള്ള കേരള സാഹിത്യ അക്കാദമി പുരസ്കാരം,
മികച്ച ആർട്ട് ആന്റ് കോഫി ടേബിൾ പുസ്തകത്തിനുള്ള എഫ്. ഐ. പി. അവാർഡ്,
മികച്ച രൂപകല്പനയ്ക്കും ചിത്രീകരണത്തിനുമുള്ള കലാരത്ന പുരസ്കാരങ്ങൾ എന്നീ
**ദേശീയ – സംസ്ഥാന ബഹുമതികൾ വാരിക്കൂട്ടിയ ബൃഹദ്ഗ്രന്ഥം!**



"മലയാള ഭാഷയ്ക്ക് മുതൽക്കൂട്ടായ ഈ പുസ്തകം, ഈ തലമുറയിലെ കുട്ടികളുടെ മനസ്സുകളിൽ അവരുടെയും ലോകത്തിന്റെയും സുന്ദരഭാവിക്കായി വിതയ്ക്കാനുള്ള വിത്തുകളുടെ പത്തായമാണ്, തീർച്ച."
**- സി.രാധാകൃഷ്ണൻ**

**പൂർണ പബ്ലിക്കേഷൻസ് കോഴിക്കോട്**


Printed, Published, Edited, Owned by N.E. Manohar, Deepam, P.O. Puthiyara, Kozhikode-673004,
Published from TBS Building, G H Road, Kozhikode-673001,Kerala & Printed at Printarts Offset ,Feroke, Calicut